# പുരോഹിതന്മാരെ വട്ടം കറക്കുന്ന ഓച്ചിറ കുപ്പ ചാമി ഔലിയാ

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

www.nadwisahib .com

പ്രമുഖ തത്വചിന്തകനും ഗ്രന്ഥകാരനുമായ മൈക്കേൽ എച്ച്. ഹാർട്ട് ക്രിസ്തുമത വിശ്വാസിയാണ്. തന്റെ വിശ്വവിഖ്യാതമായ "ദിഹൺടഡ്" എന്ന ഗ്രന്ഥം രചിച്ചപ്പോൾ, ലോകത്ത് ആദരവിലും ഉന്നതിയിലും മുൻപന്തിയിലുള്ള 100 പേരെ തെരെഞ്ഞെടുത്ത അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ ഒന്നാമതായി ചേർത്തത് വിശ്വപ്രവാചകൻ മുഹമ്മദ് (സ)യുടെ പേരും വിശേഷണങ്ങളുമാണ്. മറ്റൊരു മതത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന വ്യക്തി ആയിട്ടുകൂടി, ഇസ്ലാമിലെ വിശ്വമോചകനോടുള്ള ആദരവും അംഗീകാരവും തുറന്ന് പ്രഖ്യാപിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും അദ്ദേഹത്തിന് ഒരു തടസ്സവും ഉണ്ടായില്ല എന്നതാണ് വാസ്തവം.

ആ മുഹമ്മദ് (സ) മരണപ്പെടുന്നതിന് മുമ്പുള്ള അവസാന ദിനരാത്രങ്ങൾ ഒരു പഠനവിധേയമാക്കിയാൽ ചരിത്രത്തില് സമാനതകളില്ലാത്ത ഒരു ജനനേതാവിനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. തന്റെ പേര് മക്ക-മദീന മരുഭൂമിയിൽ ആരെങ്കിലും ഉരുവിട്ടാല് അറേബ്യന് ഭൂമിക മുഴുവനും ശാന്തി സമാധാനത്തിനായി പ്രാർത്ഥിക്കുന്ന പ്രാവർത്തിക സമൂഹം. ദൈവീക വചനങ്ങൾ ആ തിരുനാവിലൂടെ പുറത്തേക്ക് നിർഗ്ഗളിക്കുന്നത് ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലേക്കും ആത്മത്യാഗം നടത്തി പ്രചരിപ്പിക്കാൻ അരയും തലയും മുറുക്കി ശ്വാസമടക്കി നിൽക്കുന്ന വർണ്ണ-വർഗ്ഗ-ദേശ-വംശഭേദമന്യേയുള്ള ഒരു വൻ സമൂഹം. ഈ സാഹചര്യങ്ങൾക്കിടയിൽപ്പോലും തീ പുകയാത്ത അടുപ്പുകളാണ് ആ കുരയിലുള്ളത്. നേരം വൈകിയാൽ ഒരു വിളക്ക് തെളിയിക്കാനുള്ള എണ്ണപോലും മറ്റൊരു ഭവനത്തിൽ നിന്നും കടം വാങ്ങിയിരിക്കുകയാണ്. നാക്കൊന്നുവളച്ചാൽ പർവ്വതങ്ങളെപ്പോലും സ്വർണ്ണമാക്കാനുള്ള സാഹചര്യങ്ങള് അന്യമായതുകൊണ്ടല്ല ഈ അവസ്ഥ, മറിച്ച് അവിഹിതമായ ഒരു തുട്ടുപോലും, അല്ല ഒരു കാരക്കച്ചീളുപോലും അന്നനാളത്തിനകത്തേക്ക് പ്രവേശിക്കരുതെന്ന് ആ പ്രവാചകൻ (സ) തന്റെ സമൂഹത്തെ ബോധവൽക്കരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് മതമൂല്യങ്ങളെ വിൽപ്പനചരക്കാക്കുന്ന ഒരു തരികിടപ്പണിക്കും ആ തിരുമേനിയോ അനുയായികളോ തുനിയാതിരുന്നത്. തുടർന്നു വന്ന ഉത്തമ നൂറ്റാണ്ടുകാരും. ലോകത്ത് ചിത്രങ്ങളോ

പ്രതിമകളോ അവശിഷ്ടങ്ങളോ അവശേഷിച്ചിട്ടില്ലാത്ത ഏക വ്യക്തി. പക്ഷെ ദൈവയുക്തമായ ആ മഹത് സന്ദേശം അദ്ദേഹത്തിന്റെ കാലശേഷവും നൂറ്റാണ്ടുകൾ കഴിഞ്ഞു കടന്നിട്ടും അനുദിനം ഓരോ പ്രദേശങ്ങളിലേക്കും കടന്നുചെന്നുകൊണ്ടിരിക്കുന്നു. ലോകതലത്തില് ചർച്ചകൾക്ക് തിരികൊളുത്തുന്നു. വിമർശനങ്ങളെ അതിജയിച്ച് അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു. മുൻപ്രധാനമന്ത്രി ജവഹർലാല് നെഹ്റുവിന്റെ “ഇന്ത്യയെ കണ്ടെത്തൽ” തുടങ്ങിയ കൃതികൾ ഇതിന് ഉദാഹരണങ്ങളാണ്.

**കഥ ഇവിടം മുതൽ :-**

ആലപ്പുഴ - കൊല്ലം ജില്ലകളുടെ അതിർത്തി പ്രദേശമാണ് ഓച്ചിറ. ശാന്തി-സമാധാനത്തിന് ഏറെ പേര് കേട്ട ഗ്രാമം. അംബരചുംബികളായ പള്ളിമിനാരവും, ക്ഷേത്രഗോപുരവും ഓച്ചിറയിൽ വന്നിറങ്ങുന്ന ആരുടേയും ശ്രദ്ധ ആകർഷിക്കും. തെക്കൻ കാശി എന്നറിയപ്പെടുന്ന ഓച്ചിറയും, ഓച്ചിറക്കാളയും, ഓച്ചിറക്കളിയുമൊക്കെ ഏറെ വിഖ്യാതമാണ്.

ഏകദേശം അരനൂറ്റാണ്ട് മുൻപ് ഒരു മനുഷ്യന് ഓച്ചിറയില് വന്നെത്തി. ഊരും പേരും അവ്യക്തം. സംസാരഭാഷ ഏകദേശം തമിഴാണെന്ന് വ്യക്തമാണ്. വെളുത്ത് തടിച്ച ശരീരം. ഉയർന്ന നാസിക. തമിഴ് വിശ്വകർമ്മ ബ്രാഹ്മണസമുദായ അംഗമാണെന്ന് ഒറ്റനോട്ടത്തില് വ്യക്തം. മാനസികരോഗി ആയതിനാൽ ആരും കൃത്യമായി പരിഗണിക്കാറില്ല. ഏറെക്കാലം ഓച്ചിറക്ക് വടക്ക് ഭാഗം അതിർത്തിച്ചിറ, മുക്കട, കൃഷ്ണപുരം ഭാഗങ്ങളിലായിരുന്നു ക്യാമ്പ്. ആരെങ്കിലും നീട്ടുന്ന ഭക്ഷണം മാത്രമാണ് അന്നമാർഗ്ഗം. പേരിന് ഒരു കോണകം ധരിച്ചിട്ടുണ്ട്. ആര് എന്ത് നൽകിയാലും അരയില് ചുറ്റിയ ശീലയിലേക്ക് ശേഖരിക്കുന്നതിനാല് ക്രമേണ കോണകത്തിന് ചുറ്റും ഒരു വലിയ കെട്ട് തന്നെ രൂപപ്പെട്ടു. ഇതിനാൽ “കുപ്പസ്വാമി” എന്ന പേരുപോലും പെട്ടെന്ന് സമ്മാനിക്കപ്പെട്ടു. ഇദ്ദേഹം ഓച്ചിറയുമായി ബന്ധപ്പെടുന്നതുമുതൽ ജീവിതാവസാനം വരെയുള്ള എല്ലാ കഥകളും കൃത്യമായി ഓർമ്മയുള്ള ഓച്ചിറക്കാര് ഇന്നും ജീവിച്ചിരിക്കുന്നു.

ജീവിതത്തിന്റെ അവസാന നാളുകളിൽ ആരോഗ്യം നശിച്ച്, ഓച്ചിറ ടൌൺ പള്ളിക്ക് സമീപമുള്ള കടത്തിണ്ണയിൽ കുടിയേറുന്നതോടെയാണ് ഇദ്ദേഹത്തിന്റെ ജീവിതത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്. ആരോഗ്യമുള്ള കാലത്ത് മെയ്യ് അഭ്യാസവും, സൈക്കിൾ പ്രകടനവും നടത്തി യുവാക്കൾക്കിടയില് ഹരമായിരുന്നു. എന്നാൽ വാർദ്ധക്യം കീഴ്പ്പെടുത്തിയപ്പോള് മറ്റ് മാർഗ്ഗങ്ങള് ഒന്നുമില്ലാത്ത അവസ്ഥ.

കടത്തിണ്ണയിൽ ചപ്പ് കൂടാരത്തിനകത്ത് ആശ്രമസ്ഥനായിട്ടും ഇദ്ദേഹത്തിന്റെ ശരീര വർണ്ണവും, ആകാര രൂപങ്ങളും ജനങ്ങൾക്കിടയില് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. തീറ്റയും കുടിയും കഴിഞ്ഞുള്ള അവശിഷ്ടങ്ങൾക്ക് നടുവില് വിശ്രമിക്കുമ്പോഴും മങ്ങാത്ത വർണ്ണവും, ഉയർന്ന നാസികയുമാണ് പ്രദേശത്തെ ചില ചെറുകിടപുരോഹിതന്മാരില് ഇദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിക്കാന് കാരണമായത്. പണ്ടേ കച്ചവടതൽപ്പരരായ പൌരോഹിത്വം എല്ലും, കല്ലും വെച്ച നുണ പറഞ്ഞു പരത്തി. തേജസ് മങ്ങാത്ത, ദുർഗന്ധം വമിക്കാത്ത കുപ്പസ്വാമി ഇവരുടെ ഭാഷയില് "ഓച്ചിറ ഉപ്പ" യായി പരിവർത്തിക്കപ്പെട്ടു. തുടർന്ന് കുപ്പസ്വാമിയെത്തേടി സന്ദർശകരുടെ ഒഴുക്കായി. പ്രമുഖന്മാര് മുതല് വി. ഐ. പി. കളുടെ പരമ്പര വരെ. ബി. ജെ. പി. ദേശീയ നേതാവ്. ഒ. രാജഗോപാൽ വരെ ജീവിതകാലത്ത് സന്ദർശിച്ചവരില് ഉൾപ്പെടുന്നു.

അന്ധത ബാധിച്ച കുബുദ്ധികളായ പൌരോഹിത്യത്തിന്റെ ബഹുദൂരം നടപടികൾ സമുദായത്തിലെ നിഷ്കളങ്ക മനസ്സുകളെ ഏറെ വേദനിപ്പിക്കുന്നതായിരുന്നു. കഴിഞ്ഞ അരനൂറ്റാണ്ട് കാലം സ്വാമിജി അവർകളുടെ ജീവിതം നേരില് കണ്ട് ആസ്വദിച്ച സാധാരക്കാരുടെ നഗ്നനേത്രങ്ങളെ പുരോഹിതന്മാര് വെല്ലുവിളിച്ചു. കൃഷ്ണപുരത്തെ അതിർത്തിച്ചിറയിലെ പൂർവ്വാശ്രമകാലത്ത് വൃത്തിഹീനത കൂടപ്പിറപ്പായതു കാരണം മൺചട്ടിയില് വാറ്റു ചാരായം മൂക്കറ്റം വലിച്ചു കുടിക്കുന്നതും, കഞ്ചാവ് ബീഡി വലിച്ചുകേറ്റി തലകുത്തി വീണ കാഴ്ച കണ്ടവരുമൊക്കെ ആശ്ചര്യം കൊണ്ട് മൂക്കത്ത് വിരൽ വെച്ചു. മുസ്ലീം സമുദായത്തിലെ അംഗമാണെന്ന് തീർത്ത് പറയാന് ഒരടയാളം പോലും ഇല്ലാത്ത ഇദ്ദേഹം എങ്ങനെ സമുദായത്തിലെ "ഔലിയ" ആകും. നിഷ്കളങ്കർ ആശ്വര്യത്താല് അന്തംവിട്ടു. മുസ്ളീങ്ങൾ പരമ്പരാഗതമായി അനുഷ്ടിച്ചു വരുന്ന ചേലാകർമ്മംപോലും ഇദ്ദേഹം ചെയ്തിരുന്നില്ലെന്ന് ആണയിടുന്ന സാക്ഷികള് ഇന്നും നിരവധിയാണ്. പോരാഞ്ഞിട്ട് കൈത്തണ്ടയില് പച്ചകുത്തിയ അടയാളങ്ങളും.

1997 ഒക്ടോബര് 14 ന് കുപ്പസ്വാമി മരണപ്പെട്ടു. തുടർന്ന് സംഭവബഹുലമായ നാടക പരമ്പരകൾ തന്നെ അരങ്ങേറി. വാർദ്ധക്യകാലത്ത് ഭക്ഷണം നൽകുകയും ഇരിപ്പിടം നൽകുകയും ചെയ്ത പള്ളിക്ക് സമീപമുള്ള ഒരു സ്ത്രീ എനിക്കാണ് ഒന്നാം അവകാശമെന്ന വാദവുമായി രംഗത്തെത്തി. തന്റെ വീടിനോട് ചേർന്ന മുറിയില് അന്ത്യവിശ്രമം ഒരുക്കണമെന്നായിരുന്നു അവരുടെ വാദം. അതിന്റെ പേരിൽ പിന്നീടുണ്ടാകുന്ന ചില്ലറ നേട്ടങ്ങൾ, അനാഥ സംരക്ഷണം തുടങ്ങിയ ഭാവി പ്രൊജക്റ്റുകൾ അവര് തുറന്നു തന്നെ പറഞ്ഞു. അവിടെയും ദുഷ്ടലാക്കുകളായ പുരോഹിതന്മാര് തന്നെ അതിജയിച്ചു. അംഗബലവും കായികബലവും

ഒത്തുചേർന്നപ്പോള് സംരക്ഷകയായിരുന്ന മുസ്ലീം സ്ത്രീ നിസ്സഹായവസ്ഥയിലായി. ഇതിനിടെ ഉപ്പപ്പായെ അടക്കാനുള്ള സ്ഥലം ഉപ്പപ്പ തന്നെ പ്രഖ്യാപിച്ചുവെന്ന വെളിപാടും രംഗത്തെത്തി. ഒരു വിരുതൻ പള്ളിയുടെ മുൻവശത്തെ കടഭിത്തി കൊക്കോട്ടിന് വെട്ടിപ്പൊളിച്ചാണ് പരേതന്റെ ദിവ്യത്വം സ്വന്തം നിലയിൽ സ്ഥാപിച്ചത്. അങ്ങനെ നിഷ്കളങ്ക വിശ്വാസികളെയും ഭരണകൂട നിയമങ്ങളെയും അട്ടിമറിച്ചുകൊണ്ട് പരിപാവനമായ ഒരു വിശുദ്ധ ഗേഹത്തിന്റെ തിരുമുറ്റത്തുതന്നെ ഊരും പേരും തിരിയാത്ത മുസ്ലീം ആണോ എന്നുപോലും ഉറപ്പില്ലാത്ത അജ്ഞാതന്റെ മൃതദേഹം ആചാരപൂർവ്വം കബറടക്കി. പുരോഹിതന്മാരും നേതാക്കന്മാരുമടങ്ങുന്ന ആയിരങ്ങൾ ഈ ദുരന്തത്തിന് സാക്ഷ്യം വഹിച്ചു. തെളിവുകൾക്കോ പ്രമാണങ്ങൾക്കോ ഒരു പ്രസക്തിയും ലഭിച്ചില്ല. അന്ധത ബാധിച്ച പൌരോഹിത്യ കോപ്രായങ്ങൾക്കിടയില് പ്രമാണങ്ങൾക്ക് എന്ത് വില...?

ശേഷം 1997 നവംബര് 6 ന് വ്യാഴാഴ്ച വൈകിട്ട് ഓച്ചിറ ട്രാൻസ്പോർട്ട് മൈതാനിയിൽ ഒരു പൊതു സമ്മേളനം നടന്നു. എസ്. എസ്. എഫ്. കരുനാഗപ്പള്ളി ഡിവിഷൻ കൌൺസിലായിരുന്നു സംഘാടകർ. പ്രവാചകന്റെ തലമുടി എന്ന പേരിൽ ഒരുപിടി രോമങ്ങളുമായി കച്ചവട താൽപ്പര്യാർത്ഥം രംഗത്തെത്തിയ ശൈഖുനാ കാന്തപുരം എ. പി. അബൂബക്കർ മുസ്ളിയാരായിരുന്നു മുഖ്യ അഥിധി. കേവലം കേട്ടുകേഴ്വിയിലൂടെ മാത്രം സിദ്ധന്റെ വൈശിഷ്ട്യങ്ങൾ പരിചയപ്പെട്ടിരുന്ന കാന്തപുരം തന്റെ സ്വതസിദ്ധമായ കല്ലുവെച്ച നുണകുമ്പാരത്തിന്റെ കെട്ട് ഓച്ചിറയില് തുറന്നുവിട്ടു. പരേതനെ പുണ്യതിരുമേനി മുഹമ്മദ് (സ) പരമ്പരയിൽ കൂട്ടിക്കെട്ടാന് കാന്തപുരത്തിന് നിമിഷങ്ങളേ വേണ്ടിവന്നുള്ളു. സാക്ഷാൽ ഗീബൽസ്സോലും നാണിച്ച് മൂക്കത്ത് വിരല് വെക്കുന്ന പെരും നുണകൾ, നേരില് കണ്ടതുപോലെ കാന്തപുരം തട്ടിവിട്ടു.

ടി യാൻ മരണപ്പെട്ടപ്പോള് തന്നെ പള്ളിയുടെ മുൻപില് അന്ത്യവിശ്രമം ഒരുക്കുന്നതിനെപ്പറ്റി ഓച്ചിറക്കാർക്കിടയില് വ്യക്തമായ തർക്കം നിലവിലുണ്ടായിരുന്നു. ഇത് സംബന്ധമായി പരമ്പരകളായി പ്രസിദ്ധീകരിക്കപ്പെട്ട നോട്ടീസുകളും മറ്റും ഇതിനുള്ള തെളിവുകളാണ്. കരുനാഗപ്പള്ളി താലൂക്കിലെ നിരവധി മുസ്ലീം പള്ളികളുടെ കൂട്ടായ്മ താലൂക്ക് ജമാഅത്ത് യൂണിയന് പ്രസിഡന്റ് അഡ്വ. കെ. പി. മുഹമ്മദ് (റിട്ട. ഡയറക്ടർ, കേരളാ സ്റേറ്റ് ലോട്ടറീസ്) തന്നെ ഈ കിരാത നടപടിയെ നിശിതമായി വിമർശിച്ചതിന് നിരവധി തെളിവുകള് ഉണ്ട്. 2006 നവംബർ ലക്കം അൽ-ഇസ്ലാഹ് മാസിക ഇക്കാര്യം ഉദ്ദരിക്കുന്നു. കുപ്പയിലെ സ്വാമിയെ ദിവ്യനായി പ്രഖ്യാപിക്കാനുള്ള ഹീനശ്രമങ്ങളിൽ അകപ്പെട്ട്

വെള്ളക്കുപ്പായത്തിന് കളങ്കം വീഴ്ത്തരുതെന്ന്, കാന്തപുരത്തിന്റെ തെക്കൻ കേരളത്തിലെ പ്രമുഖ ശിഷ്യന്മാര് തന്നെ അദ്ദേഹത്തെ ധരിപ്പിച്ചുവെങ്കിലും, ഭാവിയിൽ വന്നുചേരുന്ന ഭാരിച്ച പോരിഷകൾ മനനംചെയ്തപ്പോള് കാന്തപുരം റോക്കറ്റിലേറി ഓച്ചിറയിലെത്തുകയായിരുന്നുവെന്ന് പിന്നീട് കാന്തപുരത്തിന്റെ കൂടുവിട്ട വൈ. എ. സലിം ഹമദാനി ഉൾപ്പെടുന്ന പ്രമുഖ ശിഷ്യന്മാര് ആണയിടുന്നു. വാഴ്ത്തപ്പെടീക്കൽ ചടങ്ങുകൾക്ക് പണ്ഡിതോചിതമായ നേതൃത്വം വഹിക്കാന് ഇ. കെ. വിഭാഗം സുന്നി നേതാക്കളെ ക്ഷണിച്ചുവെങ്കിലും യഥാമർമ്മം മനസ്സിലാക്കി അവര് തുടക്കത്തിലേ തടിയൂരുകയായിരുന്നുവെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. കാന്തപുരവുമായി ബന്ധപ്പെട്ട ഏതൊരു വിഷയവും ചൂടുപിടിക്കുമ്പോള് ഓച്ചിറ കുപ്പസ്വാമി പ്രശ്നവും ജനമനസ്സുകളിലേക്ക് ഓടിയെത്തും. ചിത്രമോ, രൂപമോ, അവശിഷ്ടങ്ങളോ ജനങ്ങൾക്ക് ബാക്കിയാക്കാതെ രൂപമോ പ്രതിമകളോ ഇല്ലാത്ത പരമശക്തിയെ ആരാധിക്കാൻ ആഹ്വാനം ചെയ്ത പുണ്യപ്രവാചകന്റെ മതത്തില് ഒരു അജ്ഞാതനെ പ്രതിഷ്ഠിക്കുകയും വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും ചെയ്തതിന്റെ പാപഭാരം എന്നും കാന്തപുരത്തിനും ഗ്രൂപ്പിനും സ്വന്തമായിരിക്കും.

ഓർമ്മവെച്ച കാലം മുതല് ഞങ്ങൾക്ക് സുപരിചിതനാണ് ഈ കുപ്പസ്വാമി. സൈക്കിളിൽ കയറി അഭ്യാസ പ്രകടനങ്ങള് കാണിക്കുന്ന ഒരു മാനസികരോഗി എന്നതിൽ കവിഞ്ഞ് മറ്റ് യാതൊരു പരിഗണനയും ഞങ്ങള് ഇദ്ദേഹത്തില് കണ്ടിട്ടില്ല. ഇദ്ദേഹത്തിന്റെ അവസാന നാളുകളിൽ ഇപ്പോഴത്തെ വിവാദ മതവാണിജ്യവൽക്കരണത്തിന്റെ മുഖ്യ വക്താവ് കാന്തപുരം മുസ്ലിയാരുടെ സന്ദർശനത്തോടെയാണ് ചരിത്രത്തിന്റെ ഗതിമാറ്റം സംഭവിക്കുന്നത്. യാതൊരു നിയന്ത്രണവും താത്വികഅടിത്തറയുമില്ലാതെ കേവല ആരവക്കൂട്ടങ്ങളെ മാത്രം മാർഗ്ഗ ദർശകമാക്കിയ ഒരു വിഭാഗം എന്തിനും തയ്യാറായ അണികള് ഉണ്ടായാല് എന്ത് മ്ളേഛതയും ഈ സമുദായത്തിൽ കച്ചവടം ചെയ്യാന് സാധിക്കും. ചർമ്മകാഠിന്യം മാത്രം മൂലധനമായാൽ മതി. കാന്തപുരം ഏതെങ്കിലും ഒരു പ്രദേശം സന്ദർശിച്ചാല് അതിന്റെ പിന്നിൽ ഉസ്താദിന് ഒരു ലക്ഷ്യം ഉണ്ടായിരിക്കും എന്ന് അദ്ദേഹത്തിന്റെ മുഖ്യ ശിഷ്യന്മാര് തന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. വിവാദമാകുന്ന ഈ നടപടികളിലൂടെ കാന്തപുരം ലക്ഷ്യമിടുന്നത് കേവല ലക്ഷ്യമല്ല, മറിച്ച് ലക്ഷങ്ങളും കോടികളുമാണെന്ന് ഇപ്പോള് തിരിയുന്നുണ്ട്. ചില പ്രദേശങ്ങളിൽ അത് ക്ളിക്കാകുമ്പോൾ ചിലയിടങ്ങളില് അത് തികച്ചും പരാജയപ്പെടുന്നു എന്നതാണ് വസ്തുത.

മുസ്ലീം സമുദായത്തിലെ ഒരു പ്രത്യേക വിഭാഗത്തിന്റെ മ്ളേഛ നടപടികളിലൂടെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ഈ കുപ്പയിലെ ദിവ്യന് മുസ്ലീം ആണ് എന്ന് തിരിച്ചറിയാൻ യാതൊരു മാർഗ്ഗവും ജീവിതകാലത്ത് ഉണ്ടായിരുന്നില്ല. പച്ചകുത്തിയ അടയാളം കൈത്തണ്ടയിൽ ഞാന് കണ്ടിട്ടുണ്ട്. മുസ്ലീങ്ങൾ ഇത്തരം പണികളിൽ ഏർപ്പെടാറില്ല. അഥവാ ചെയ്താൽ തന്നെ അത് അറബ് ദേശങ്ങളിലെ ഷീഇകൾ മാത്രമാണ്. ഇയാൾ പട്ടച്ചാരയത്തിനും, കഞ്ചാവിനും അടിമയായിരുന്നുവെന്ന് നിരവധി ആളുകളിൽ നിന്നും ഞാന് കേട്ടിട്ടുണ്ട്. പറഞ്ഞവരിൽ ഇന്നു ജീവിച്ചിരിക്കുന്ന പ്രമുഖരും ഉൾപ്പെടുന്നു. സുന്നത്ത് കല്യാണം നടത്തിയിരുന്നില്ല എന്ന കാര്യത്തിൽ ഓച്ചിറക്കാർക്കിടയില് അഭിപ്രായ വ്യത്യാസം ഇല്ല. കാരണം ബുദ്ധി ഭ്രംശനം കാരണം തുണി ഉടുക്കാത്ത അവസ്ഥയിൽ ഇത് ഓച്ചിറക്കാർക്ക് ഒരു നിത്യകാഴ്ച ആണല്ലോ?

സാധുക്കളായ പ്രാദേശിക വാസികളെ ഈ ചതിക്കുഴിയിൽ അകപ്പെടുത്തിയതില് പ്രദേശത്തെ പുരോഹിതവർഗ്ഗത്തിനും, സാമൂദായിക നേതൃത്വത്തിനുമുള്ള പങ്ക് ഒരിക്കലും നിഷേധിക്കാന് സാധിക്കില്ല. ഓച്ചിറ പടിഞ്ഞാറെ തെരുവ് പള്ളിയിൽ മുഖ്യകാര്യദർശിയായി കാലം കഴിച്ച ഏത്രൂര് ഷംസുദ്ദീന് മദനി എന്ന അഭിനവ ഖാദിരിയാണ് ഇയാളുടെ ഇല്ലാത്ത വല്ലാത്ത പോരിഷകൾക്ക് ഏജൻസി എടുത്തത്. കണ്ടതും കേട്ടതും കാണാത്തതുമായ നിരവധി പൊടിപ്പും തൊങ്ങലും വെച്ച പെരുങ്കള്ളങ്ങൾ ഇവര് കാര്യലാഭത്തിനായി സമൂഹത്തില് പ്രചരിപ്പിച്ചതിലൂടെയാണ് കെട്ടിടത്തിന്റെ ഭിത്തിതകരൽ എന്ന നിർമ്മിത കറാമത്തിലൂടെ ഇയാളെ പള്ളിക്ക് മുന്നിൽ സ്ഥാപിക്കുന്നത്. മരിച്ചശേഷം മൃതദേഹം കുളിപ്പിച്ചപ്പോൾ മുസ്ലീമല്ല എന്ന് വ്യക്തമായിട്ടും കപടത കുലത്തൊഴിലാക്കിയവര് മൌനം ഭജിക്കുകയായിരുന്നു. യഥാർത്ഥ നിരീശ്വര നിർമ്മതവാദികള് ഇവരല്ലാതെ മറ്റാരാണ്...?

പുണ്യവാളന്മാരും പുണ്യപുരുഷന്മാരുമൊക്കെ ഇസ്ലാമിന് അന്യമാണെന്ന് നമുക്ക് ഒരിക്കലും വാദമില്ല. ഖുർആനും പ്രവാചകരും അടിവരയിട്ട ഒരു കാര്യം ആർക്കാണ് നിഷേധിക്കാനാവുക...? അതിനുള്ള മാനദണ്ഡങ്ങളാണ് നാം വിചിന്തനം നടത്തേണ്ടത്. അഞ്ചു നേരവും കൃത്യമായി നിസ്കാരം, റംസാനിൽ വൃതാനുഷ്ഠാനം, സാമ്പത്തികമുണ്ടെങ്കിൽ സക്കാത്ത്, ഹജ്ജ്, ഇതിലെല്ലാം ഉപരിയായി അല്ലാഹുവിലും പ്രവാചകനിലും അടിയുറച്ച വിശ്വാസം. ഇത് വ്യക്തമായി പ്രകടമാകുകയും വേണം. ഈ കൃത്യമായ പ്രവർത്തനധാരയില് അടിയുറച്ചാല് വർഗ്ഗ-വർണ്ണ-ദേശ-ഭേദമന്യേ ആർക്കും ദിവ്യനും പുണ്യപുരുഷനുമാകാം. അടിത്തറയുള്ള കർമ്മങ്ങള് കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കുമ്പോള് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്ന

പുണ്യാത്മാക്കളുടെ ലിസ്റ്റിൽ വിശ്വാസികളായ സ്ത്രീ-പുരുഷന്മാര് ഉൾപ്പെടുക സ്വാഭാവികമാണ്. പക്ഷെ അത് വാണിജ്യവൽക്കരിക്കപ്പെടില്ല. വാണിജ്യവൽക്കരണം കേവല പൌരോഹിത്യ തന്ത്രം മാത്രമാണ്......

ഇന്ന് കേരളത്തിനകത്തും പുറത്തുമുള്ള സിദ്ധന്മാരുടെ മഖ്ബറകള് നമുക്ക് ഒന്ന് പഠന വിധേയമാക്കാം. പലതും സിമിന്റിന്റെ പിൻബലത്തില്, അതിന്റെ വിലക്കുറവിനെ മാത്രം ആശ്രയിച്ചുള്ളതാണ്. പലതിലും ഭൂമിക്കടിയിൽ ആരും ഇല്ല എന്നതാണ് പരമസത്യം. ചിലതൊക്കെ കന്നുകാലികളെ കുഴിച്ചിട്ടതെന്ന് പരമയാഥാർത്ഥ്യം. ഇത് കേവലം എന്റെ വാക്കുകൾ അല്ല. മറിച്ച്, മുസലിയാക്കന്മാര് - പുരോഹിതന്മാര് തന്നെ പിൽക്കാലത്ത് അവരുടെ പ്രസിദ്ധീകരണങ്ങളിൽ എഴുതിവിട്ടതാണ്. അനിഷേധ്യ സത്യങ്ങൾ...!! ചിലതൊക്കെ മുസ്ലീമിന്റെതല്ല എന്ന് പോലും സമ്മതിക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരം ഒരു ഭീമാബന്ധ നിർമ്മിതിയാണ് ഓച്ചിറ ജാറവും.

ശ്മശാനങ്ങളെ ആരാധനാലയങ്ങളാക്കുന്നത് യഹൂദ-ക്രൈസ്തവ സംസ്കാരത്തിന്റെ ഭാഗമാണ്. മരണപ്പെടുന്നതിന്റെ തൊട്ടുമുമ്പ് ഏതാനം ദിവസങ്ങൾ നബി (സ) ഏറെ ഗൌരവത്തോടെ ഓർമ്മിപ്പിക്കുകയും കർശനമായി വിലക്കുകയും ചെയ്ത സ്വഭാവമാണിത്. പള്ളിയും ശ്മശാനവും എന്നും ഇസ്ലാമിക വീക്ഷണത്തിൽ രണ്ടുതന്നെ. പള്ളി വേറെ, ഖബർ വേറെ. എന്റെ ഖബറിനെ ആരാധിക്കപ്പെടുന്ന ബിംബമാക്കരുതേ എന്ന് പുണ്യ തിരുമേനി മനമുരുകി പ്രാർത്ഥിക്കുമായിരുന്നു. ഖബറുകളെ വ്യാവസായിക കേന്ദ്രങ്ങളാക്കിയ യഹൂദ-ക്രൈസ്തവരെ അല്ലാഹ ശപിച്ചു എന്നുപോലും നബി വചനങ്ങളിൽ ഏറെ വ്യക്തമാണ്. ശ്മശാനങ്ങളെ സന്ദർശിക്കുന്നത് മരണസ്മരണ മനസ്സുകളില് സൃഷടിക്കപ്പെടുന്നതിനാണ്. ശ്മശാനത്തിന്റെ മൂകതയും, നിസ്സാരതയും മാത്രമെ ഈ ചിന്തകൾ മനുഷ്യമനസ്സുകളില് സൃഷ്ടിക്കു. താജ്മഹളുകൾക്കോ മറ്റ് വർണ്ണ കൊട്ടാരങ്ങൾക്കോ ഈ അവസ്ഥ സൃഷ്ടിക്കാൻ സാധിക്കില്ലാ എന്നത് ആർക്കാണ് തിരിയാത്തത്...?

മരണസ്മരണക്ക് ശ്മശാനങ്ങൾ സന്ദർശിച്ച് ഗുണപാഠങ്ങള് ഉൾക്കൊള്ളാന് പഠിപ്പിച്ച പുണ്യ നബിതിരുമേനി (സ) ഒരിക്കലും നിലവിളക്ക്, പട്ട്, കോഴിമുട്ട, കരിമുട്ടൻ, പൂവൻകോഴി, വാഴക്കുല തുടങ്ങിയവയുമായി ഒരു പരേതാത്മാവിന്റേയും ശ്മശാനം സന്ദർശിച്ചിട്ടില്ല. അതിന് തെളിവുകളും ഇല്ല. ഇന്ന് നാം കാണുന്ന ഈ ആധുനിക കാഴ്ചകൾ എല്ലാം തന്നെ പൌരോഹിത്യത്തിന്റെ സംഭാവനകള് ആണ്.

പരിപാപനമായി സംരക്ഷിക്കപ്പെടേണ്ട ഒരു വിശുദ്ധ മന്ദിരത്തിന്റെ തിരുമുറ്റത്താണ് ജാതി-മതം അവ്യക്തമായ കുപ്പസ്വാമിയെ കുടിയിരുത്തിയത്. ഈ അബദ്ധം സമൂഹത്തോട് തുറന്നു പറയാനും ഇവിടം ഒരു പ്രാർത്ഥനാകേന്ദ്രമാക്കുന്നത് തടയാനും ദൈവഭയമുള്ള പണ്ഡിതന്മാര് രംഗത്തെത്തേണ്ടതുണ്ട്. മലമൂത്രവിസർജ്ജനം നടത്തിയാൽപ്പോലും ശുചിത്വം വരുത്താത്ത ഒരു വിശുദ്ധനോ...? സമൂഹം ഇത്രമാത്രം അധഃപതിച്ചോ...? ഖേദകരം തന്നെ.

ഇതിന്റെ തുടക്കകാലം മുതൽ തന്നെ ശക്തമായ ബോധവൽക്കരണവുമായി കേരളാ നദ്‌വത്തുല് മുജാഹിദ്ദീന് (കെ. എൻ. എം) സജീവമായി രംഗത്തുണ്ട്. ഈ വിഷയകമായി ഞങ്ങൾ നിരവധി ലഘുലേഖകള് പ്രചരിപ്പിച്ചിട്ടുണ്ട്. അതിലുപരിയായി ഈ കാപഠ്യം തുറന്നു കാട്ടിക്കൊണ്ട് ഇസ്ലാഹി കേരളത്തിന്റെ പ്രമുഖ പണ്ഡിതന്മാരുടെ വീഡിയോ സീഡികള് ലഭ്യമാണ്. യു-ട്യൂബ് ഉൾപ്പെടെയുള്ള വെബ്സൈറ്റുകളിൽ ഇത് ലഭ്യമാണ്. ഈയുള്ളവൻ തന്നെ പലേ വേദികളിലും ഇക്കാര്യം ശക്തിയുക്തം വിമർശിക്കുകയും ഈ ബാലിശതയെ തുറന്നു കാട്ടുകയും ചെയ്തിട്ടുണ്ട്.

കാന്തപുരം മുസ്ലിയാർ ഈ ചരിത്ര ധ്വംസനത്തില് നേരിട്ട് പങ്കെടുത്തതുകൊണ്ടായിരിക്കാം ഇതിനെ വിമർശിച്ച് പ്രഭാഷണം നടക്കുന്ന വേദികളിലെല്ലാം വിശിഷ്യ വടക്കൻ ജില്ലകളില് കാന്തപുരം സുന്നികള് കൂക്കിവിളിക്കാൻ തയ്യാറായിട്ടുണ്ട്. അപ്രിയ സത്യങ്ങൾ ഈ വിഭാഗത്തിന് സൃഷ്ടിക്കുന്ന അസഹിഷ്ണുത പറഞ്ഞറിയിക്കാൻ അപര്യാപ്തമാണ്. ഏറെ രസകരമായി തോന്നിയിട്ടുള്ളത്, കൂക്കി വിളിക്കാൻ വന്ന കൂട്ടത്തില് ഒരു ഓച്ചിറക്കാരനെപ്പോലും കണ്ടിട്ടില്ലാ എന്നതാണ്. തികച്ചും ഇതൊരു കാന്തപുരം പ്രോജക്ടാണെന്നതിന്റെ വ്യക്തമായ തെളിവ്.

2007-ൽ മക്കയിലെ വേൾഡ് മുസ്ലീംലീഗ് ആസ്ഥാനത്തു നിന്നും പ്രസിദ്ധീകരിക്കുന്ന അൽ-റാബിത്വ മാസികയിൽ കാന്തപുരത്തിനേയും അദ്ദേഹത്തിന്റെ കൂടാരത്തേയും പ്രകീർത്തിച്ചുകൊണ്ട് ഒരു ലേഖനം വന്നിരുന്നു. അതിന് ഞാൻ തന്നെ ഒരു വിശദമായി മറുപടി കുറിപ്പ് തയ്യാറാക്കി റാബിത്ത്വാ ഭാരവാഹികളുടെ മുന്നിലെത്തിച്ചു. പ്രസ്തുത ലേഖനത്തിൽ വാഴ്ത്തപ്പെട്ടിരിക്കുന്ന കാന്തപുരം ഇന്ത്യയിലെ ഏറ്റവും വലിയ മതവാണിജ്യ ഗ്രൂപ്പിന്റെ തലവനാണെന്നും, കൊല്ലം ജില്ലയിലെ ഓച്ചിറയിൽ കുപ്പസ്വാമിയുടെ കടീരമഹോത്സവങ്ങൾക്ക് തുടക്കം കുറിച്ച വ്യക്തിയാണെന്നും ഞാന് വ്യക്തമാക്കി. നീതിമാൻ ഒരിക്കലും നിലം പറ്റില്ലെന്നാണല്ലോ പ്രമാണം. എന്റെ വിശദീകരണം അവർ വിശദമായ പഠനത്തിന് വിധേയമാക്കി. നാല് മാസങ്ങൾക്കു

ശേഷം അതേ പ്രസിദ്ധീകരണത്തിന്റെ ആമുഖത്തിൽ തന്നെ എന്റെ അഭിപ്രായത്തിന് സ്ഥാനം ലഭിച്ചു. അതിന്റെ മലയാളം പരിഭാഷ "കാന്തപുരത്തിന് റാബിത്ത്വയുടെ അവാർഡ്" എന്ന പേരിൽ മലയാളം പ്രസിദ്ധീകരണങ്ങളില് അച്ചടിക്കപ്പെട്ടിരുന്നു. കച്ചവട തന്ത്രങ്ങളെ പൊളിച്ചുനീക്കാനുള്ള ഇത്തരം ശ്രമങ്ങളെ കാന്തകുടാരങ്ങൾ ഒരിക്കലും പൂച്ചെണ്ടു നൽകി സ്വാഗതം ചെയ്യുമെന്ന് പ്രതീക്ഷിക്കേണ്ടതില്ലല്ലോ...? അലീഗഡ് മുസ്ലീം സർവ്വകലാശാലയില് പഠനകാലത്ത് ഈയുള്ളവൻ വെടിയേറ്റ് മരിച്ചുവെന്ന് ഫോണ് ചെയ്യാന് മടിയില്ലാത്തവർക്ക് എന്തുമാകാമല്ലോ...?

കാന്തപുരത്തിന്റെ കുത്സിത ശ്രമങ്ങളെ ഓച്ചിറയിൽ വിമർശിച്ചിട്ടുള്ളത് മുജാഹിദുകള് മാത്രമാണെന്ന് എനിക്ക് അഭിപ്രായമില്ല. നവോത്ഥാന സംരഭങ്ങളുമായി പ്രത്യേകിച്ച് ബന്ധങ്ങൾ ഒന്നുമില്ലാത്തവരും സംഘടിതമായും വ്യക്തിപരമായും ഇതിനെ നഖശിഖാന്തം എതിർത്തുകൊണ്ടിരിക്കുന്നു. മുസ്ലീമാണെന്ന് ഉറപ്പുപോലുമില്ലാത്ത ഒരജ്ഞാതനെ പള്ളിക്കു മുമ്പിൽ പ്രതിഷ്ഠിച്ചതിന്റെ നീതിയെ സമൂലം ചോദ്യം ചെയ്തതിന്റെ നിരവധി രേഖകൾ ലഭ്യമാണ്. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ മുഖപ്രസിദ്ധീകരണം അന്നസീമിൽ ആലുവ ജാമിഅ ഹസനിയ്യയിലെ പ്രമുഖ അദ്ധ്യാപകൻ എ. കെ. മുഹമ്മദുകുട്ടി മൌലവി 1-12-1997-ൽ പ്രസിദ്ധീകരിച്ച ലേഖനം, പൂന്തുറ ഹിദായത്തുൽ ഇസ്ലാം അറബിക് കോളേജ് അദ്ധ്യാപകന് എ. ആബിദ് മൌലവി ഓച്ചിറയുടെ ലേഖനം, ദക്ഷിണ കേരളയിലെ പ്രമുഖ പണ്ഡിതന് കടയ്ക്കല് അബ്ദുൽ അസീസ് മൌലവി, കെ. പി. മുഹമ്മദ് സാഹിബ് കരുനാഗപ്പള്ളി തുടങ്ങിയവരുടെ പ്രതികരണങ്ങൾ, നടപടികള് ഇതിനോടുള്ള സമൂഹ മനസ്സാക്ഷിയുടെ നിലപാടുകളായി നാം വിലയിരുത്തേണ്ടതുണ്ട്. തൻവീറുല് ഇസ്ലാം സംഘം ട്രസ്റ്റ് മെമ്പർ ഷറഫുദ്ദീന് സാഹിബ് സ്വന്തം പേരില് പ്രസിദ്ധീകരിച്ച നോട്ടീസ് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ഇന്ന് ഓച്ചിറയിൽ തന്നെ സേവനം അനുഷ്ഠിക്കുന്ന നാട്ടുകാരായ യുവപണ്ഡിതന്മാര് ഈ ഭീമാബദ്ധത്തെ പറ്റി ഞങ്ങളോട് അവരുടെ കർശന നിലപാടുകള് പലേതവണ വ്യക്തമാക്കിയിട്ടുള്ളതാണ്. ഖേദകരം എന്നു പറയട്ടെ, കുപ്പസ്വാമിയുടെ ആണ്ടു നേർച്ചയുമായി ബന്ധപ്പെട്ട ദിനങ്ങളില് ഇവരില് പലരും കവാത്ത് മറക്കുന്നത് കാണികളിൽ ചിരി പടർത്തുന്നു.

ഒരുപിടി രോമങ്ങളുമായി കാന്തപുരം നബി (സ) യെ കച്ചവടം ചെയ്യാൻ ഇറങ്ങി പുറപ്പെട്ട സാഹചര്യമാണല്ലോ നിലവിലുള്ളത്. സ്ഥിരബുദ്ധിയുള്ളവരെല്ലാം

ഇയാളുടെ കുതന്ത്രങ്ങളെ നിശിതമായി വിമർശിക്കുന്നു. വിമർശനവുമായി രംഗത്തെത്തിയിരിക്കുന്ന ഇ. കെ. വിഭാഗം സുന്നികൾ കാന്തപുരത്തേക്കാള് വലിയ കച്ചവടക്കാരാണെന്ന കാര്യം ആരും മറക്കേണ്ടതില്ല. മലവും മൂത്രവും നമുക്ക് ഒരുപോലെ വർജ്ജ്യമാണ്. രണ്ട് സംഘവും ഒരു നാണയത്തിന്റെ രണ്ടുവശങ്ങള് തന്നെ. ഇ. കെ. വിഭാഗത്തിലെ പ്രമുഖ ഖുർആന് പ്രഭാഷകനായി അറിയപ്പെടുന്ന റഹ്മത്തുല്ലാ ഖാസിമി മുത്തേടം നബി (സ) യുടെ പരമ്പര സ്ഥിരീകരിക്കപ്പെട്ട മുടിമുക്കിയതും വെല്ലൂരിൽ നിന്നും ഇറക്കുമതി ചെയ്തതെന്ന് അവകാശപ്പെട്ട ഒരു കുപ്പി വെള്ളം 25,000 രൂപയ്ക്ക് പൊതുജന സമക്ഷം ലേലം ചെയ്ത് സ്കൂള് ഓഫ് ഖുർആനുവേണ്ടി സാമ്പത്തിക സ്വരൂപണം നടത്തിയതിന്റെ വീഡിയോ ദൃശ്യങ്ങള് കാണാത്തവർ ആരുണ്ട്? അബുദാബിയിലെ ഖസ്രജിയുടെ രോമക്കെട്ടുകൾ ഇവർക്ക് ആദ്യം ലഭിച്ചിരുന്നുവെങ്കിൽ ഇ. കെ. വിഭാഗം സുന്നികൾ ഇതിലും വലിയ പ്രോജക്ടുകൾക്ക് ശിലയിട്ടുമായിരുന്നു, തീർച്ച. പട്ടിക്കാട് സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഈജിപ്റ്റിലെ ഗ്രാന്റ് മുഫ്തിയെ കാന്തപുരം തട്ടിയെടുത്തതിന്റെ അടക്കാനാവാത്ത പകയും ഈ സമയത്ത് കാന്തപുരവിരോധത്തിന് ഇ. കെ. വിഭാഗത്തിന് ഊർജ്ജം പകരുന്നുണ്ട്. ഞങ്ങൾക്ക് കിട്ടാത്തതൊന്നും കാന്തപുരത്തിനും പാടില്ലെന്ന കുടില മനസ്ഥിതി മാത്രമാണ് നിലവിലെ ഇവരുടെ മനോഭാവത്തിന്റെ ഊർജ്ജം. സ്വാതന്ത്ര്യ സമരനായകൻ മമ്പുറം സയ്യിദ് അലവി തങ്ങളുടെ കബറിടവും, ഇടിയങ്ങരയിലെ ഷെയ്ഖ് അലാവുദ്ദീൻ ഹിമ്മസിയുടെ ഖബറിടവും വാണിജ്യവൽക്കരിച്ച് അതിന്റെ നാണയത്തുട്ടുകളിലൂടെ "ഇംഗ്ളീഷുമുസ്ലിയാക്കളെ" പടയ്ക്കുന്ന ഇ. കെ. വിഭാഗവും മുസ്ലീം സമൂഹത്തിന്റെ ബദ്ധശത്രുക്കൾ തന്നെ, സംശയമില്ല. മലവും മൂത്രവും വർജ്ജ്യം തന്നെ എന്ന് പറയുന്നതും ഇതുകൊണ്ടാണ്.

മൂല്യാധിഷ്ഠിത രാഷ്ട്രീയമെന്ന പേരിൽ രംഗത്തെത്തി രാഷ്ട്രീയ നപുംസകങ്ങളായി മാറിയ മതരാഷ്ട്രവാദികളുടെ സിരാകേന്ദ്രം ജമാഅത്തേ ഇസ്ലാമിയും തങ്ങൾക്ക് കിട്ടിയ തിരിച്ചടികൾ ജനശ്രദ്ധയില് നിന്നും മറച്ചു പിടിക്കാന് ഒരു മുഖ്യ പ്രതിരോധ ആയുധമായി തെരഞ്ഞെടുത്തിരിക്കുകയാണ് കാന്തപുരത്തിന്റെ രോമവ്യാപാരം. ജമാഅത്തെ ഇസ്ലാമി സ്ഥാപക നേതാവ് അബുൽഅഅ്ലാ മൌദൂദിയുടെ വിയർപ്പ് മണക്കുന്ന ഉപയോഗശൂന്യമായ പേന 25,000 രൂപയ്ക്കാണ് ഇവര് ലേലം ചെയ്തത്. ഇക്കാര്യം നിഷേധിക്കാൻ അണികൾക്ക് സാധിക്കില്ല. മൌദൂദിപ്പേന 25,000 രൂപയ്ക്ക് വിറ്റ ജമാഅത്തുകാരും, ഒരു കുപ്പി മുടിവെള്ളം 25000 ന് വിറ്റ ഇ. കെ. വിഭാഗം ഖാസിമിയും, 40 കോടിയുടെ ഷഅ്റേമുബാറക്ക് മസ്ജിദിന്റെ കുപ്പണുകളുമായി ഊരുചുറ്റുന്ന കാന്തപുരവും, ഒരൌൺസ് ദശമൂലാരിഷ്ടം 25,000 ന് വിറ്റ പാവങ്ങളുടെ

പടത്തലവനായി അവർണ്ണന് അധികാരവുമായി രംഗത്തെത്തിയ അബ്ദുന്നാസര് മഅ്ദനിയുമൊക്കെ ആൾക്കൂട്ടം കാണുമ്പോള് കവാത്ത് മറന്നവരാണ്. ഇവർക്കെങ്ങനെ മറ്റവനെതിരെ പ്രതികരിക്കാന് സാധിക്കും...? മാത്രമല്ല ജമാഅത്തെ ഇസ്ലാമിയുടെ ഭാഷയനുസരിച്ച് കാന്തപുരം നൂറ്റാണ്ടിന്റെ നവോത്ഥാന നായകനുമാണ്.

"...മുസ്ലീം ലോകത്തിന്റെ പരിഛേദം എന്നു പറയാവുന്ന ഈ അനുഗ്രഹീത വേദിയിൽ വെച്ചാണ് ഖസ്രജി തിരുകേശവും സനദിന്റെ രേഖകളും കൈമാറിയത്. നബി (സ) ൽ നിന്നുള്ള ശരിയായ സനദോടും അവിടുത്തെ അനുവാദത്തോടുംകൂടിയാണ് ഞാനിത് ഷേഖ് അബൂബക്കറിന് കൈമാറുന്നതെന്ന് രേഖാമൂലവും വാക്കിലും ഈ അനുഗ്രഹീത വേദിയിൽ ഷേഖ് ഖസ്രജി സാക്ഷ്യപ്പെടുത്തുന്നുണ്ട്. മർക്കസിനെ സംബന്ധിച്ചിടത്തോളം ഈ സത്യസാക്ഷ്യം അവിശ്വസിക്കേണ്ട യാതൊരു സാഹചര്യവുമില്ല..."(തിരുകേശം: വിവാദങ്ങൾ വെറുതെ, ഒ. എം. തരുവണ, സിറാജ് 2011 മേയ് 17 ചൊവ്വ) എന്ന ഈ വരികൾ കാന്തപുരത്തിന്റെ കുടാരത്തില് തന്നെ കലാപത്തിരി കൊളുത്തിയിരിക്കെ ആർക്കാണ് ഇതിനെതിരില് മൌനം ഭജിക്കാന് സാധിക്കുക. 2011 മേയ് മാസത്തിലെ അൽഹജ്ജുൽഉംറ മാസികയില് ഇന്ത്യയിലെ ഏറ്റവും വലിയപള്ളി നിർമ്മിക്കുന്നുവെന്ന് അവകാശപ്പെടുന്നവര് ഇതിന്റെ മുഖ്യവരുമാനത്തെപ്പറ്റി മൌനംഭജിക്കുന്നതും സംശയത്തിനിടനൽകുന്നു.

**ചരിത്രത്തെ അട്ടിമറിക്കാൻ ശ്രമം :-**

കുപ്പസ്വാമിയുടെ കുടീരത്തിന് ആത്മീയ പരിവേഷം നൽകാനുള്ള കാന്തപുരത്തിന്റെ വ്യാവസായിക തന്ത്രങ്ങൾ കുനിന്മേല് കുരുവായി തിരിച്ചടി തുടങ്ങിയപ്പോള് അഭിനവ ചരിത്രകാരന്മാരെ രംഗത്തിറക്കി കുപ്പസ്വാമിയെ ചരിത്ര പാരമ്പര്യമുള്ള ദിവ്യനാക്കാനായിരുന്നു അടുത്ത ശ്രമം. എം. എം. ഹനീഫ മുസ്ളിയാർ കലയപുരം എന്നയാൾ ഇതിന്റെ ഭാഗമായി "ഓച്ചിറ ഉപ്പ ജീവചരിത്രം" എന്ന പേരിൽ ഒരു കൃതിയും രംഗത്തെത്തിച്ചു. ഇതിന്റെ പ്രസിദ്ധീകരണത്തിന് പരസ്യം നൽകി സാമ്പത്തിക സഹായമേകിയത് തന്നെ കാന്തപുരം വിഭാഗത്തിന്റെ കൊല്ലം ജില്ലയിലെ ആസ്ഥാനം ഖാദിസിയ്യഹജ്ജ് സെൽ. ജില്ലയിലെ തന്നെ എ. പി. വിഭാഗം ലീഡറന്മാരായ പി. എ. ഹൈദ്രോസ് മുസ്ളിയാർ (കൊല്ലം ഖാദിസിയ്യ പ്രിൻസിപ്പൽ), ഇ. കെ. മുഹമ്മദ് ദാരിമിഅൽഖാദിരി, ഏരൂർ എം. ഷംസുദ്ദീന് മദനി കുണ്ടറ തുടങ്ങിയവർ കല്ലുവെച്ച നുണകളുമായി കൃതിയുടെ ആമുഖത്തില് അണിനിരന്നപ്പോൾ തന്നെ ഇതിന്റെ പിന്നാമ്പുറങ്ങള് ബുദ്ധി പണയം വെച്ചിട്ടില്ലാത്ത

നിഷ്കളങ്കർക്ക് വ്യക്തമാണ്...  “നീണ്ട പതിനഞ്ച്  സംവത്സരത്തോളം (...?) ഒരേഇരുത്തവും ശയനവും പതിവാക്കിയിട്ടും അസ്ഥികൾക്ക് ബലഹീനതയോ, ഘടനാ മാറ്റങ്ങളോ സംഭവിക്കാതിരുന്നതു തന്നെ അതിന് വ്യക്തമായ തെളിവാണ്.   തന്റെ മുന്നിൽ കുടിക്കിടക്കുന്ന പാല്, വെണ്ണ, മധുരപലഹാരങ്ങൾ, പഴവർഗ്ഗങ്ങള്, മാംസാദികൾ തുടങ്ങിയവയുടെ മിശ്രിതങ്ങള് പഴകി നശിച്ചിട്ടും ദുർഗന്ധം വമിച്ചിരുന്നില്ല...” എന്ന ഏശ്രുരുകാരന്റെ വരികൾ കേട്ട് ഗീബത്സുപോലും ഞെട്ടി. ദുർഗന്ധവും മാലിന്യവും തിരിച്ചറിയാനുള്ള കണ്ണും മൂക്കും അടയുമ്പോഴാണല്ലോ പുരോഹിതന്മാര് പുനർജ്ജനിക്കുന്നത്.  സത്യം ശ്രവിക്കാനുള്ള കാതുകൾ കൂടി ബന്ധിക്കപ്പെടുമ്പോൾ ഈ പൌരോഹിത്യം യാഥാർത്ഥ്യമാകുന്നു. സാമൂഹ്യദ്രോഹികളായ ചില കവലച്ചട്ടമ്പികൾ കുപ്പസ്വാമിയുടെ നാണയത്തുട്ടുകള് തട്ടിയെടുക്കാനുള്ള  ശ്രമത്തിനിടെ അദ്ദേഹത്തിന്റെ കൈ കുത്തിയൊടിച്ച സംഭവം ഓച്ചിറക്കാർ മറന്നിട്ടില്ല.  “എക്സ്റേ എടുക്കാതെ ചികിത്സകൂടാതെ കൈ സുഖം പ്രാപിച്ച കഥ” പേജ് നമ്പര് 26 ല് കാണാം.  കുറുന്തോട്ടിക്കു തന്നെ വാതം.

“42 വർഷം ഓച്ചിറയില് താമസിച്ചിരുന്നിട്ട് നഖം മുറിക്കുകയോ മുടി വെട്ടുകയോ ചെയ്തിരുന്നില്ല.  എന്നാൽ അത് നിശ്ചിത അളവില് വളർച്ച പൂർത്തിയായിരുന്നു. മഞ്ഞ്, മഴ, വെയിൽ എന്നിവ തടയുന്നതിന് യാതൊരു മാധ്യമവും സ്വീകരിച്ചിരുന്നില്ല.  മലമൂത്ര വിസർജ്ജനത്തിന്  പോകുന്നതായി ആരും അറിഞ്ഞിട്ടില്ല...” (പേജ് നമ്പർ 25).

കുപ്പസ്വാമി പൊതുജനസമക്ഷം മലമൂത്ര വിസർജ്ജനം നടത്താത്തതാണ് സിദ്ധിയുടെ മറ്റൊരു കാരണമെന്നാണ് അഭിനവ ചരിത്രത്തൊഴിലാളികൾ ചൂണ്ടിക്കാട്ടുന്നത്. പുരോഹിതന്മാർക്ക് കച്ചവടമാക്കാന് മലവും മൂത്രവും കൂടി ലഭിക്കാത്തതിന്റെ ഖേദവും ഈ വരികളിൽ പ്രകടമാണ്.

സിദ്ധന്റെ അവസാന കാലത്തെ സംരക്ഷക ഓച്ചിറയിലെ താത്ത സ്വാമി കൃത്യമായി വിസർജ്ജിക്കുമായിരുന്നുവെന്നും, എന്നാൽ ഒരു തുള്ളി വെള്ളത്തിന്റെ പരിപാടിയും (ശുചീകരണം) നടത്തുമായിരുന്നില്ലെന്നും പരസ്യമായി പറയുന്ന വീഡിയോ അഭിമുഖങ്ങൾ ഇപ്പോഴും ലഭ്യമാണ്.  ഇത് നിലവിലിരിക്കെയാണ് തൂലികത്തൊഴിലാളികളുടെ ഈ ഞാണിന്മേൽക്കളി.

ചരിത്രത്തെ വളച്ചൊടിച്ച് ഫാസിസവൽക്കരണവുമായി രംഗത്തുവന്ന കുടില ചരിത്രകാരന്മാരെ ജനാധിപത്യ വിശ്വാസികളായ ഇന്ത്യക്കാര് ചെറുത്തു

തോൽപ്പിച്ചതിന് കഴിഞ്ഞ നൂറ്റാണ്ട് സാക്ഷിയാണ്.  കണ്ണും മൂക്കും കാതും ബന്ധിച്ച് നിഷ്കളങ്ക സമൂഹത്തെ പുരോഹിതന്മാരുടെ അറവുശാലയിലേക്ക് മാട്ടിൻപറ്റങ്ങളായി നയിക്കാനുള്ള പൌരോഹിത്യത്തിന്റെ പൈശാചിക തന്ത്രങ്ങൾക്കെതിരെ മൌനം ഭജിക്കാൻ ആർക്കു കഴിയും...?

ഇ.യൂസുഫ് സാഹിബ് നദ്‌വി  ഓച്ചിറ

www.nadwisahib .com